milma

**Kerala Co-operative Milk Marketing Federation Limited**
**Cattle Feed Plant, Malampuzha P.O., Palakkad-678 651**
Tel: 0491-2816307, 2816313, e-mail: cfm@milma.com
GST No.32AAAAK5375M6ZB

No: CFP-M/PER/35/2026/3756 19-05-2026

## ക്വട്ടേഷൻ നോട്ടീസ്

ഏകദേശം 150 ജീവനക്കാർ ജോലി ചെയ്യുന്ന മിൽമയുടെ മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിലെ ക്യാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തി പരിചയമുള്ളവർ, ഈ മേഖലയുമായി ബന്ധപെട്ട പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് സർവീസ് മുതലായവ നടത്തി പരിചയമുള്ള കരാറുകാർ എന്നിവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

- അപേക്ഷ ഫോം 19-05-2026 തിയ്യതി മുതൽ ആയതിന്റെ വിലയായ 500/- രൂപ മാത്രം (ജി.എസ്.ടി.ഉൾപ്പടെ) ക്യാഷ് കൗണ്ടറിൽ അടച്ച് എച്ച്. ആർ. സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

- ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുൻപായി Rs. 2,500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരത ദ്രവ്യം അടക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കാത്ത പാർട്ടികളുടെ നിരത ദ്രവ്യം കരാർ ഉറപ്പിച്ച ശേഷം തിരികെ നൽകുന്നതാണ്.

- പൂരിപ്പിച്ച അപേക്ഷകൾ **01-06-2026 തിയ്യതി ഉച്ചയ്ക്ക് 2.30 മണിക്ക്** മുൻപായി മാനേജർ, മിൽമ കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ മുൻപാകെ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിരത ദ്രവ്യം അടച്ച രസീതും, യോഗ്യത, പരിചയം തെളിയിക്കുന്ന രേഖകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.

- സീൽ ചെയ്ത കവറിന് പുറത്തായി **"ക്യാന്റീൻ ക്വട്ടേഷൻ 2026-'27"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

- ക്വട്ടേഷനുകൾ **01-06-2026** തിയ്യതി **ഉച്ചയ്ക്ക് 3.30 മണിക്ക്** ഹാജരായ പാർട്ടികളുടെ മുൻപാകെ തുറക്കുന്നതാണ്.

- കരാർ ഏൽക്കുന്നയാൾ Rs. 50,000/- (അമ്പതിനായിരം രൂപ മാത്രം) സെക്യൂരിറ്റി നിക്ഷേപമായി ഒടുക്കേണ്ടതും 26-06-2026 തിയ്യതി മുതൽ ക്യാന്റീൻ പ്രവർത്തനം തുടങ്ങേണ്ടതുമാണ്.

K.C.M.M.F.LTD. MALAMPUZHA CATTLE FEED PLANT

- കരാർ ഉറപ്പിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം മാനേജറിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ തിയ്യതി മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ഫാക്ടറി മാനേജറിൽ നിക്ഷിപ്തമാണ്.

**ക്യാന്റീൻ പ്രവർത്തനം സംബന്ധിച്ച ആനുകൂല്യങ്ങൾ:**

- ക്യാന്റീൻ പ്രവർത്തനത്തിനായി വാടക ഈടാക്കില്ല.
- ഇലക്ട്രിസിറ്റി ബിൽ കമ്പനി തന്നെ വഹിക്കും.
- പാചകത്തിനുള്ള വെള്ളം സൗജന്യമായി ലഭിക്കും.
- പാചകത്തിനാവശ്യമായ പാത്രങ്ങൾ കമ്പനി സൗജന്യമായി നൽകും.
- മാസത്തിൽ ₹30,000/- രൂപ ക്യാന്റീൻ സബ്സിഡിയായി നൽകും.
- ശീതീകരിച്ച ഉൽപന്നങ്ങൾ സൂക്ഷിക്കുവാൻ ഫ്രീസർ സൗകര്യം സൗജന്യമായി നൽകപ്പെടും.
- പാചകത്തിന് ആവശ്യമായ മിൽമ പാൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതാണ്.

**വ്യാപാര സാധ്യതകൾ:**

- ക്യാന്റീൻ പ്ലാന്റ് ജീവനക്കാർക്ക് മാത്രമല്ല, മാനേജ്മെൻറിന്റെ അനുമതിയോടുകൂടി പൊതുജനങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

- ക്യാന്റീന് സമീപമായി രണ്ടു ഐ.ടി.ഐ., ഒരു നഴ്സിംഗ് കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, ഗ്രാമപഞ്ചായത്ത് ഓഫീസ്, ഹെൽത്ത് സെൻറർ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതിനാൽ അവിടങ്ങളിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും മറ്റു സന്ദർശകർക്കും ഭക്ഷണം ലഭ്യമാക്കുന്നതിലൂടെ നല്ലൊരു കച്ചവട സാധ്യത നിലനിൽക്കുന്നു.

ഒപ്പ്/- മാനേജർ

K.C.M.M.F. LTD. MALAMPUZHA CATTLE FEED PLANT

MANAGER
K.C.M.M.F. LTD.
CATTLE FEED PLANT
MALAMPUZHA, PIN-678 651

# ക്യാന്റീൻ കോൺട്രാക്ട് നിബന്ധനകൾ 2026

കരാറുകാരന് ഫാക്ടറിയിൽ നിന്ന് ലഭിക്കുന്ന സൗകര്യങ്ങളും ക്യാന്റീൻ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകളും താഴെ കൊടുക്കുന്നു.

1. ക്യാന്റീൻ നടത്തിപ്പിന് അത്യാവശ്യം വേണ്ട പാത്രങ്ങൾ (ഇപ്പോൾ നിലവിലുള്ളത് മാത്രം) വെള്ളം, വൈദ്യുതി, ഫർണിച്ചർ, കെട്ടിടം, അടുക്കള സൗകര്യം, നിലവിലുള്ള ഫ്രീസർ എന്നിവ നിലവിലുള്ള അവസ്ഥയിൽ സൗജന്യമായി നൽകുന്നതാണ്. ആവശ്യത്തിന് ഏൽപ്പിക്കുന്ന പാത്രങ്ങളുടെ സുരക്ഷിതത്വം കോൺട്രാക്ടറുടെ ഉത്തരവാദിത്വമാണ്. ഏതെങ്കിലും കാരണവശാൽ പാത്രങ്ങൾ നഷ്ടപ്പെടുകയോ കുറവു വരുകയോ ചെയ്യുകയാണെങ്കിൽ അതിന്റെ വിലയോ പകരം പാത്രമോ ഈടാക്കുന്നതായിരിക്കും.

2. തീരെ പ്രായോഗികമല്ലാത്ത ക്വട്ടേഷൻ നിരക്കുകൾ സ്വീകരിക്കുന്നതല്ല. കമ്പോളനിലവാരവും കമ്പനിയിൽ നിന്ന് ലഭിക്കുന്ന മേൽ പറഞ്ഞ സൗകര്യങ്ങൾ കണക്കിലെടുത്തുമുള്ള നിരക്കുകളായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. രേഖപ്പെടുത്തിയ നിരക്കുകൾക്ക് അനുസരിച്ച് ഗുണമേന്മയിലും കൃത്യമായ അളവിലും തൂക്കത്തിലും സാധന സാമഗ്രികളിലും യാതൊരു വിധ ആനുകൂല്യങ്ങളും പിന്നീട് നൽകുന്നതല്ല. ക്വട്ടേഷൻ ലഭിച്ച കഴിഞ്ഞ്മേൽ പറഞ്ഞവയിൽ വ്യത്യാസം കണ്ടാൽ നോട്ടീസ് കൂടാതെ തന്നെ കോൺട്രാക്ട് അവസാനിപ്പിക്കുന്നതിനുള്ള അധികാരം മാനേജരിൽ നിക്ഷിപ്തമാണ്.

3. പാചകം ചെയ്യുന്നതിലേക്ക് ആവശ്യമായ പലവ്യഞ്ജനം, വിറക് മറ്റ് അനുബന്ധങ്ങളും കരാറുകാരൻ സ്വന്തം നിലയിൽ ഏർപ്പെടുത്തേണ്ടതാണ്.

4. ക്യാന്റീൻ നടത്തിപ്പിന് ആവശ്യമായ പാൽ എല്ലാ ദിവസവും കമ്പനിക്ക് കിട്ടുന്ന കുറഞ്ഞ തുകയിൽ ലഭ്യമാക്കുന്നതാണ്. ഇപ്പോൾ നിലവിലുള്ള സബ്സിഡി തുകയായ Rs. 30000/- (മുപ്പതിനായിരം) രൂപയിൽ പാൽ വില കുറവുവരുത്തി എല്ലാ മാസവും കമ്പനി നൽകുന്നതാണ്.

5. ക്യാന്റീൻ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും ഭക്ഷണം കൃത്യസമയത്ത് ജീവനക്കാർക്ക് ലഭ്യമാക്കുവാൻ തക്കവണ്ണം പ്രാപ്തരായ നിശ്ചിത തൊഴിലാളികളെയും ഏർപ്പെടുത്തേണ്ടതാണ്. ഭക്ഷണം പാകം ചെയ്യുന്ന ആളും വിളമ്പുന്നതിനും ക്ലീനിങ്ങിനുമായി 4 പേരുൾപ്പടെ 5 പേരിൽ കുറയാതെ ജീവനക്കാർ നിർബന്ധമായും എല്ലാ ദിവസവും ഉണ്ടായിരിക്കേണ്ടതാണ്.

6. ജീവനക്കാർ ഓരോ ദിവസവും പറ്റുന്ന തുക കരാറുകാരൻ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മേൽ വിവരങ്ങൾ അതാത് മാസം 25-ാം തിയ്യതി എച്ച്.ആർ. സെക്ഷനിൽ ഹാജരാക്കേണ്ടതുമാണ്. ഇത് കൃത്യമായി ശമ്പളത്തിൽ നിന്നും വസൂലാക്കി കരാറുകാരന് മാസാവസാനം കമ്പനി നല്കുന്നതാണ്.

K.C.M.M.F. LTD. MALAMPUZHA CATTLE FEED PLANT

7. പ്ലാന്റ് ഒരു ദിവസം എട്ടു മണിക്കൂർ വീതമുള്ള മൂന്ന് ഷിഫ്റ്റുകളായിട്ടാണ് പ്രവർത്തിക്കുന്നത്. സമയാസമയങ്ങളിൽ ജീവനക്കാർക്ക് ഭക്ഷണം തയ്യാറാക്കേണ്ടതും സമയ ബന്ധിതമായി ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്.

8. ഞായർ ദിവസങ്ങളിൽ ഉൾപ്പെടെ കമ്പനി ആവശ്യപ്പെടുന്ന എല്ലാ അവധി ദിവസങ്ങളിലും ക്യാൻറീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ഭക്ഷ്യവസ്തുക്കൾ ചൂടോടു കൂടി മാത്രം ജീവനക്കാർക്കു നൽകേണ്ടതാണ്.

9. <u>ക്യാന്റീൻ പ്രവർത്തനസമയം – 5.30 AM മുതൽ 09.30 PM വരെ.</u>
താഴെപറയുന്ന സമയങ്ങളിൽ കമ്പനി ജീവനക്കാർക്ക് ഭക്ഷണ സാധനങ്ങൾ നൽകേണ്ടതാണ്.
    1. പ്രഭാത ഭക്ഷണം – 8.00 AM മുതൽ 10.30 AM വരെ
    2. ഊണ് ക്യാന്റീൻ ഹാളിൽ – ഉച്ചയ്ക്ക് 12 PM മുതൽ 2.30 PM വരെ
    3. ചായയും ലഘുഭക്ഷണവും ജീവനക്കാർക്ക്- വൈകുന്നേരം 3.00 മണിക്ക്
    4. ചായയും ലഘുഭക്ഷണവും ഓഫീസിൽ – രാവിലെ 10.30 AM, 03.30 PM
    5. വൈകുന്നേരത്തെ ഭക്ഷണം – 5.00 PM മുതൽ 8.30 PM വരെ
    6. 1st ഷിഫ്റ്റ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ ജോലിയെടുക്കുന്ന ജീവനക്കാർക്കുള്ള ഭക്ഷണസമയം (ചായ, ബ്രെഡ്, പഴം, ബിസ്കറ്റ്) പുലർച്ചെ 01.00 to 02.00 AM ആയിരിക്കും.

10. മാനേജർ ക്യാബിൻ, കോൺഫറൻസ്ഹാൾ, മുതലായ സ്ഥലങ്ങളിൽ നടക്കുന്ന അടിയന്തര മീറ്റിംഗുകളിലും കമ്പനി വക അതിഥികൾ വരുന്ന സന്ദർഭത്തിലും മാനേജ്മെന്റ് നിർദ്ദേശിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ഉന്നത ഗുണനിലവാരത്തോടും വൃത്തിയോടും വെടിപ്പോടു കൂടിയും നൽകേണ്ടതാണ്.

11. ഫാക്ടറി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള പരാതി പുസ്തകത്തിൽ ക്യാന്റീനിനെ കുറിച്ചുള്ള പരാതികൾ എല്ലാം തന്നെ കരാറുകാരൻ നേരിട്ട് ബോധ്യപ്പെട്ട് ഉടനടി പരിഹരിക്കേണ്ടതാണ്.

12. ക്യാന്റീൻ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ കരാറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നിയമിക്കേണ്ടതാണ് പ്രസ്തുത ജീവനക്കാരന്റെ സേവന വേതന വ്യവസ്ഥകൾ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്. ക്യാന്റീൻ നടത്തിപ്പിന് തൊഴിലാളികളെ നിയോഗിക്കുന്ന പക്ഷം അവർക്ക് നിയമപരമായ എല്ലാ ആനുകൂല്യങ്ങളും നൽകേണ്ടതിന്റെ ചുമതല ക്യാന്റീൻ കോൺട്രാക്ടറിൽ നിക്ഷിപ്തമായിരിക്കും. ആയതിന്റെ പകർപ്പ് ക്യാന്റീൻ ബില്ലിനൊപ്പം അതാത് മാസം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവ കോൺട്രാക്ടറിൽ നിന്ന് വസൂലാക്കി സർക്കാരിലേക്ക് അടയ്ക്കുന്നതുമായിരിക്കും. കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുമായി ഫാക്ടറി മാനേജ്മെന്റിന് തൊഴിലാളി മുതലാളി ബന്ധം ഉണ്ടായിരിക്കുന്നതല്ല.

K.C.M.M.F. LTD. MALAMPUZHA CATTLE FEED PLANT

13. ജോലിക്കു നിയോഗിക്കുന്നവർ ഫാക്ടറിയിലും പരിസരത്തും പൂർണ്ണ അച്ചടക്കം പാലിക്കേണ്ടതും ഫാക്ടറിയിലുള്ള ജീവനക്കാരോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും ഉള്ള പെരുമാറ്റത്തിൽ മാന്യത പുലർത്തേണ്ടതുമാണ്. കരാർ ജീവനക്കാരിൽ നിന്നും അപമര്യാദയായ പ്രവർത്തനങ്ങൾ ഉണ്ടായാൽ ടി ജീവനക്കാരെ ഒരു കാരണവശാലും ജോലിയിൽ തുടരാൻ അനുവദിക്കുകയില്ല.

14. ക്യാന്റീൻ നടത്തിപ്പിന്റെ ഭാഗമായി കരാറുകാരന്റെ വീഴ്ച മൂലം ഏതെങ്കിലും തരത്തിൽ കമ്പനിക്ക് നഷ്ടമുണ്ടാകുന്ന പക്ഷം ആയതിന്റെ തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ബില്ലിൽ നിന്നോ തിരിച്ചു പിടിക്കുന്നതാണ്.

15. ഭക്ഷണം വിതരണം ചെയ്യുന്ന സമയത്തു സ്ഥാപനത്തിലെ ജീവനക്കാർക്ക് മുൻഗണന നൽകേണ്ടതും പുറമേ നിന്നുള്ളവർക്ക് ഭക്ഷണ വിതരണം സ്ഥല പരിമിതി കണക്കാക്കി നൽകേണ്ടതുമാണ്.

16. ക്യാന്റീനും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതും ക്യാന്റീനിൽ നിന്നുള്ള അവശിഷ്ട സാധനങ്ങൾ പ്രത്യേകം നീക്കം ചെയ്യേണ്ടതും ഖര മാലിന്യങ്ങൾ സിങ്കിലൂടെ പുറത്തു പോകാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. കരാറുകാരന്റെ അശ്രദ്ധ മൂലം ഡ്രൈനേജ്കാനകൾ ബ്ലോക്ക് ആകുന്ന പക്ഷം സ്വന്തം ചിലവിൽ അവ നീക്കം ചെയ്യേണ്ടതാണ്.

17. ഭക്ഷ്യവസ്തുക്കൾ നൽകുന്ന പ്ലേറ്റുകൾ, ഗ്ലാസ്സുകൾ എന്നിവ ചൂട് വെള്ളത്തിൽ കഴുകിയശേഷം മാത്രമേ നൽകാൻ പാടുള്ളൂ.

18. ജീവനക്കാർക്കും മറ്റുള്ളവർക്കും തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ നൽകാൻ പാടുള്ളൂ.

19. ക്യാന്റീൻ നടത്തുന്നതിന് ലഭ്യമായ കമ്പനി വക പാത്രങ്ങൾ, ഉപകരണങ്ങൾ, മറ്റ് ഇലക്ട്രിക്ക് ഉപകരണങ്ങൾ എന്നിവ ഇപ്പോൾ നിലവിൽ ഉള്ള അവസ്ഥയിൽ കമ്പനി സൗജന്യമായി ഉപയോഗിക്കുന്നതിന് നൽകുന്നതും ആയതിനു ഉണ്ടാകുന്ന റിപ്പയറുകൾ കോൺട്രാക്ടറുടെ സ്വന്തം ചിലവിൽ റിപ്പയർ ചെയ്യുകയോ പകരം സംവിധാനം ഉറപ്പുവരുത്തുകയോ ചെയ്യേണ്ടതാണ്.

20. ക്വട്ടേഷൻ പ്രകാരം അനുവദിച്ചു കിട്ടിയ വ്യക്തി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, പാൻകാർഡ്, ബാങ്ക്ഡീറ്റെയിൽസ്, ജി.എസ്. ടി. രേഖകൾ, ജോലിക്കാരുടെ ഹെൽത്ത് ഫിറ്റ്നസ് രേഖകൾ എന്നിവ ഹാജരാക്കിയാൽ മാത്രമേ കരാർ ഉറപ്പിച്ചു നൽകുകയുള്ളൂ.

21. ഗുണനിലവാരമുള്ള പലചരക്ക് സാധനങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഗുണമേന്മയുള്ള കമ്പനിയുടെ എണ്ണ മാത്രമേ പാചകത്തിനായി ഉപയോഗിക്കാൻ പാടുള്ളൂ അല്ലാത്ത പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്.

K.C.M.M.F. LTD.
MALAMPUZHA
CATTLE FEED PLANT

22. വ്യവസായ സ്ഥാപനങ്ങളിൽ കുറഞ്ഞത് രണ്ടു വർഷമെങ്കിലും കാന്റീൻ നടത്തി പ്രവർത്തി പരിചയമുള്ള വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

23. അനാരോഗ്യകരമായ സാഹചര്യത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ പാകപ്പെടുത്തുകയോ, സൂക്ഷിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. കൂടാതെ പഴകിയതും ഗുണനിലവാരമില്ലാത്തതുമായ ഭക്ഷണം വിതരണം ചെയ്യുവാൻ അനുവദിക്കുന്നതല്ല. ഭക്ഷണ പദാർത്ഥങ്ങൾക്ക് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) നിശ്ചയിച്ചിരിക്കുന്ന ഗുണനിലവാരം ഉണ്ടായിരിക്കേണ്ടതും ക്യാന്റീനിന്റെ വൃത്തിയും വെടിപ്പും കാത്തു സൂക്ഷിക്കുന്നതിൽ FSSAI യുടെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. അതിന് വിപരീതമായി പ്രവർത്തിച്ചാൽ ഉണ്ടാകാവുന്ന നിയമ നടപടികൾക്ക് പൂർണ്ണ ഉത്തരവാദി കോൺട്രാക്ടർ ആയിരിക്കും.

24. ആരോഗ്യ വകുപ്പ്, പഞ്ചായത്ത് എന്നിവയുടെ എല്ലാ നിയമങ്ങളും കർശനമായി പാലിക്കേണ്ടതാണ്. FSSAI ലൈസൻസ് പ്രധാനമായും ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുടങ്ങി 15 ദിവസത്തിനകം എടുക്കേണ്ടതും ആയതിന്റെ കോപ്പി ടി ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

25. ക്യാന്റീൻ ജീവനക്കാർ വ്യക്തി ശുചിത്വം പാലിക്കേണ്ടതും കൈയ്യുറ, മാസ്ക്, ഹെഡ്ക്യാപ് മുതലായവ ഉൾപ്പെടെ യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കേണ്ടതുമാണ്.

26. ആഹാര സാധനങ്ങൾ തവി അല്ലെങ്കിൽ കൊടിൽ ഉപയോഗിച്ച് മാത്രമേ വിളമ്പി കൊടുക്കാൻ പാടുള്ളൂ.

27. എല്ലാ ദിവസവും ക്യാന്റീൻ നിർബന്ധമായും വൃത്തിയാക്കേണ്ടതും, പാത്രങ്ങൾ കഴുകി ഉപയോഗിക്കേണ്ടതും, സ്റ്റോർ റൂം, ഫ്ളോർ, ഡൈനിങ്ങ് ഏരിയ (ടേബിൾ/കസേരകൾ), ആഹാരം വിളമ്പുന്ന സ്ഥലം, കൈകഴുകുന്ന സ്ഥലം എന്നിവിടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്. കൈകഴുകുന്ന സ്ഥലത്ത് എല്ലാ ദിവസവും സോപ്പ് ലഭ്യമാക്കേണ്ടതാണ്. മാസത്തിലൊരിക്കൽ ഇലക്ട്രിക്ക് ഉപകരണങ്ങളും ക്യാന്റീനിൽ എല്ലായിടത്തുമുള്ള മാറാലയും തുടച്ച് വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്.

28. ജീവനക്കാർ വ്യക്തി ശുചിത്വം പാലിക്കുന്നതിന്റെ ഭാഗമായി സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകേണ്ടതാണ്.

29. പ്ലാന്റ് ജീവനക്കാരുമായി ഏതെങ്കിലും വിഷയത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്ന പക്ഷം മാനേജ്മെന്റ് മുൻപാകെ പരാതി അറിയിക്കേണ്ടതും പ്രസ്തുത വിഷയത്തിൽ തീർപ്പുകൽപ്പിക്കുന്നതുമായിരിക്കും.

30. ക്വട്ടേഷൻ ഉറപ്പിക്കുന്ന കരാറുകാരൻ ക്യാന്റീൻ പ്രവർത്തനത്തിനായി നിയോഗിക്കുന്ന എല്ലാ ജീവനക്കാരുടെയും ബയോഡേറ്റ, ഫോട്ടോ, അംഗീകൃത മെഡിക്കൽ ഓഫീസറുടെ

K.C.M.M.F. LTD. MALAMPUZHA CATTLE FEED PLANT

പക്കൽ നിന്നും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരാർ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ ക്യാന്റീൻ പ്രവർത്തിക്കുന്നതിന് ആവശ്യമായ ലൈസൻസ്, ഇ.എസ്.ഐ സൗകര്യങ്ങൾ എന്നിവ കരാറുകാരൻ തന്നെ ചെയ്യേണ്ടതാണ്. ഇത് 14 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഈ.എസ്സ്.ഐ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

31. ക്യാന്റീൻ കോൺട്രാക്ടർ നിയമിക്കുന്ന ജീവനക്കാരൻ ഏതെങ്കിലും രീതിയിൽ മാനേജ്മെന്റിന് തൃപ്തികരമല്ല എന്ന് തോന്നുന്ന പക്ഷം അവരെ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതും ആയത് കരാറുകാരൻ പാലിക്കേണ്ടതുമാണ്.

32. കരാർ ഏൽപ്പിക്കുന്നതിന് മുമ്പോ ശേഷമോ കോൺട്രാക്ടർ താൻ നിയമിച്ച ജീവനക്കാരുടെ പോലീസ് വെരിഫിക്കേഷൻ നടത്തണമെന്ന് ആവശ്യപ്പെടാനുള്ള അവകാശം പ്ലാന്റ് മാനേജർ/യൂണിറ്റ് ഹെഡിൽ നിക്ഷിപ്തമാണ്.

33. അംഗീകൃത ജീവനക്കാർ ഒഴികെ മാനേജ്മെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ മറ്റാരും തന്നെ കോമ്പൗണ്ടിൽ പ്രവേശിക്കാൻ പാടുള്ളതല്ല.

34. ക്യാന്റീൻ കമ്മിറ്റി അംഗങ്ങളും മാനേജ്മെന്റ് നിർദ്ദേശിക്കുന്ന മറ്റു ജീവനക്കാരും ഒഴികെ ആരും തന്നെ ക്യാന്റീനിൽ ഭക്ഷണം പാകം ചെയ്യുന്നിടത്ത്പ്രവേശിക്കാൻ പാടുള്ളതല്ല. ആയത്കരാറുകാരൻ ഉറപ്പു വരുത്തേണ്ടതാണ്.

35. കരാർ ലഭിക്കുന്ന വ്യക്തി കരാറിനുള്ള ഉത്തരവ്കൈപറ്റി മൂന്ന് ദിവസത്തിനകം കരാർ ജോലിക്കു നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി നിക്ഷേപമായി Rs. 50,000/ (അമ്പതിനായിരം രൂപ മാത്രം) ഈ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക കരാർ കാലാവധി തീർന്ന ശേഷം കിഴിവുകൾ ഉള്ള പക്ഷം അത്കിഴിച്ചശേഷം തിരികെ നൽകുന്നതായിരിക്കും. മോഷണം, പ്ലാന്റ് വസ്തുവകകൾക്ക്കേടുപാടുകൾ തുടങ്ങിയവ മൂലം കരാറുകാരനിൽ നിന്ന് സ്ഥാപനത്തിന് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം കരാറുകാരന് നൽകാനുള്ള ബില്ലിൽ നിന്നോ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ മറ്റ് നിയമപ്രകാരമുള്ള മാർഗ്ഗങ്ങളിലൂടെയോ വസൂലാക്കുന്നതാണ്. കരാർ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് ക്യാന്റീൻ നടത്തിപ്പ് അവസാനിപ്പിക്കുകയാണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതല്ല.

36. കരാർ ഉറപ്പിച്ചു നൽകിയ ശേഷം പിന്മാറിയാൽ അടച്ച നിരതദ്രവ്യം യാതൊരു അറിയിപ്പും കൂടാതെ കമ്പനിയിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

37. കരാർ അനുവദിച്ചു തരുന്ന പക്ഷം കരാറുകാരൻ Rs. 200 (ഇരുന്നൂറ് രൂപ) വിലയുള്ള മുദ്രപത്രത്തിൽ കരാർ സംബന്ധിച്ച ഒരു എഗ്രിമെന്റ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

K.C.M.M.F.LTD.
MALAMPUZHA
CATTLE FEED PLANT

38. മേൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ കൂടാതെ സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും ഈ എഗ്രിമെന്റിന്റെ ഭാഗമായിരിക്കുന്നതും യുക്തമെന്നു തോന്നുന്ന മറ്റ് വ്യവസ്ഥകൾ കൂട്ടിച്ചേർക്കുന്നതിനും ഏതെങ്കിലും വ്യവസ്ഥകൾക്ക് മാറ്റം വരുത്തുന്നതിനും ഒഴിവാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം മാനേജറിൽ നിക്ഷിപ്തമാണ്.

39. വർക്ക് ഓർഡർ നൽകിയ തീയതി മുതൽ ഒരു വർഷത്തേക്കാണ് കരാർ. കരാറുകാരൻ സ്ഥാപനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയോ പ്രകടനം തൃപ്തികരമല്ലെന്ന് സ്ഥാപനം കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം 1 മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതാണ്. അതുപോലെ, ഏതെങ്കിലും കാരണത്താൽ കരാറുകാരൻ കരാറിൽ നിന്ന് പിന്മാറാൻ തോന്നുകയാണെങ്കിൽ, 1 മാസത്തെ മുൻകൂർ നോട്ടീസ് നൽകുകയും പ്ലാന്റ് മാനേജർ ഒരു ബദൽ കാന്റീൻ ക്രമീകരണം നടത്തിയതിനുശേഷം മാത്രമേ കരാറുകാരന് കരാർ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

40. അപ്രതീക്ഷിത സാഹചര്യങ്ങൾ മൂലം അറിയിപ്പ് നൽകിയോ അല്ലാതെയോ കരാർ അവസാനിപ്പിക്കാനുള്ള എല്ലാ അവകാശവും കെസിഎംഎംഎഫിൽ നിക്ഷിപ്തമാണ്

41. മേൽ പറഞ്ഞതിൽ ഏതെങ്കിലും നിബന്ധനകൾ പാലിക്കാത്ത പക്ഷം മാനേജ്മെന്റിന് കോൺട്രാക്ടറുടെ മേൽ നടപടി സ്വീകരിക്കാവുന്നതാണ്.

42. ടെൻഡർ നോട്ടീസിന്റെ എല്ലാ പേജിലും കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

K.C.M.M.F. LTD. ★ MALAMPUZHA ★ CATTLE FEED PLANT

മാനേജർ

MANAGER
K.C.M.M.F. LTD.
CATTLE FEED PLANT
MALAMPUZHA, PIN-678 651